**ഈ പോളിസിയിൽ, നിക്ഷേപ പോർട്ട്ഫോളിയോയിലെ നിക്ഷേപ നഷ്ടസാദ്ധ്യതകൾ പോളിസിയുടമ വഹിക്കുന്നതാണ്.**

**''യൂണിറ്റ് ലിങ്ക്ഡ് ഇൻഷൂറൻസ് പ്രൊഡക്ടുകൾ ഉടമ്പടിയുടെ ആദ്യത്തെ അഞ്ച് വർഷങ്ങളിൽ പണമാക്കി മറ്റാൻ സാധിക്കുകയില്ല. അഞ്ചാം വർഷത്തിന്റെ അവസാനം വരെ പോളിസി ഉടമകൾക്ക് അവരുടെ പോളിസികൾ സറണ്ടർ ചെയ്യാനോ/ലിങ്ക്ഡ് ഇൻഷൂറൻസ് പ്രൊഡക്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കാനോ സാധിക്കുകയില്ല.''**

## എസ്ബിഐ ലൈഫ് - സരൾ ഇൻഷ്വർവെൽത്ത് പ്ലസ് എന്തുകൊണ്ട്?

നിങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനം നിങ്ങളുടെ കുടുംബത്തിന്റെ സന്തോഷവും അവരുടെ സുരക്ഷയുമാണ്. ഇപ്പോൾ നിങ്ങൾക്ക് അതേക്കുറിച്ചുള്ള ടെൻഷനില്ലാതെ ജീവിക്കാൻ സാധിക്കും എസ്ബിഐ ലൈഫ് - സരൾ ഇൻഷ്വർവെൽത്ത് പ്ലസിലൂടെ. ഈ മാർക്കറ്റ് ലിങ്ക്ഡ് പ്ലാൻ നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ വേണ്ടി സമ്പത്ത് സ്വരൂപിക്കുന്നതിനൊപ്പം നിങ്ങളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുകയും ചെയ്യുന്നു. എസ്ബിഐ ലൈഫ് - സരൾ ഇൻഷ്വർവെൽത്ത് പ്ലസ് ഒരു ഇൻഡിവിഡ്വൽ, യൂണിറ്റ്-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ് പ്രൊഡക്ടാണ്. ഇതു നിങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും അതോടൊപ്പം നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി ചിട്ടയായി മിച്ചം പിടിക്കുവാൻ നിങ്ങളെ സഹായിക്കുകയും **വ്യവസ്ഥാപിതമായ പ്രതിമാസ പിൻവലിക്കൽ പ്രയോജനപ്പെടുത്താൻ***.

## മുഖ്യ സവിശേഷതകൾ

- **ലളിതമായ പ്രതിമാസ ഇൻഷ്വറൻസ് :** മാസംതോറും ഒരു നിശ്ചിത തുക ഒരു നിർദ്ദിഷ്ട കാലയളവിലേക്കു നിക്ഷേപിക്കുന്നതിലൂടെ നിങ്ങളുടെ സ്വപ്നങ്ങൾ/ലക്ഷ്യങ്ങൾ നേടുന്നതിനായി ഒരു നിധി സ്വരൂപിക്കുന്നു.
- **സുരക്ഷ** : നിർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും സാമ്പത്തിക സുരക്ഷ.
- **നിങ്ങളുടെ ആവശ്യത്തിന്/റിസ്ക് അഭിരുചിക്ക് യോജിച്ചത് :** റിസ്ക്ക് എടുക്കുവാനുള്ള താൽപ്പര്യം അനുസരിച്ച് ഇക്വിറ്റിയിലും ഡെബ്റ്റ് ഇൻസ്ട്രമെന്റുകളിലും നിക്ഷേപിക്കുന്ന 8 വ്യത്യസ്ത ഫണ്ടുകളിൽ നിന്നും തിരഞ്ഞെടുക്കുന്നതിനുള്ള അവസരം.
- **നിക്ഷേപത്തിനുള്ള വഴക്കം :** നിങ്ങളുടെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള വഴികൾ
  - പോളിസി കാലയളവിൽ ഏതു സമയത്തും പരിധിയില്ലാതെ സൗജന്യമായി സ്വിച്ചു ചെയ്യുക
  - രണ്ടാം പോളിസി മാസം മുതൽ പരിധിയില്ലാതെ പ്രീമിയം റീ-ഡയറക്ഷൻ നടത്തുക
- **നിങ്ങളുടെ ഫണ്ട് വാല്യു വർദ്ധിപ്പിക്കുന്നു :** ലോയൽറ്റി അഡീഷൻസിലൂടെ#
- **വ്യവസ്ഥാപിതമായ പ്രതിമാസ പിൻവലിക്കൽ*:** പ്രതിമാസ പിൻവലിക്കലുകളിലൂടെ നിങ്ങളുടെ പതിവു ചെലവുകൾ പൂർത്തീകരിക്കുക
- **നികുതി സമ്പാദ്യം**:** ഇന്ത്യയിൽ നിലവിലുള്ള ആദായ നികുതി നിയമങ്ങൾ പ്രകാരമുള്ള ആദായ നികുതി ഇളവുകൾക്ക്/ഒഴിവാക്കലുകൾക്ക് നിങ്ങൾക്കു യോഗ്യതയുണ്ട്, ഇവ സമയായമയങ്ങളിലെ മാറ്റത്തിന് വിധേയമാണ്.
- **ലിക്വിഡിറ്റി :** 5-ാം പോളിസി വർഷം മുതൽ ഭാഗികമായ പിൻവലിക്കലുകൾ ലഭ്യമാണ്.

*11-ാം പോളിസി വർഷം മുതൽ. അടയ്ക്കേണ്ടതായ എല്ലാ പ്രീമിയങ്ങളും അടയ്ക്കുന്നതിനും പോളിസി പ്രാബല്യത്തിലുണ്ടായിരിക്കുന്നതിനും വിധേയം.

**ആദായ നികുതി നിയമങ്ങൾ പ്രകാരമുള്ള ആദായ നികുതി ഇളവുകൾ, സമയാ സമയങ്ങളിൽ അവയിലുണ്ടാകുന്ന മാറ്റങ്ങൾക്കു വിധേയമാണ്. വിശദ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ ടാക്സ് അഡ്വൈസറെ കാണുക.

#6-ാം പോളിസി വർഷത്തിന്റെ അവസാനം മുതൽ, പോളിസി പ്രാബല്യത്തിലുണ്ടെങ്കിൽ.

## പദ്ധതി വിവരണം

| **വിവരണം** | | |
|---|---|---|
| പ്രായം - 30 വയസ്സ് | പോളിസി കാലാവധി - 25 വർഷം<br>പ്രീമിയം അടയ്ക്കൽ കാലാവധി (പിപിടി) - 25 വർഷം | |
| പ്രീമിയം - ₹10,000 പ്രതി മാസം<br>ഫണ്ട് - 100% ഇക്വിറ്റി ഫണ്ട് | സം അഷ്വേർഡ് - ₹12,00,000 | |
| മച്യൂരിറ്റിയിലെ ഫണ്ട് വാല്യു^ | @4% ₹39,64,305 | @8% ₹69,07,359 |

നിർഭാഗ്യവശാൽ 19-ാം പോളിസി വർഷത്തിന്റെ തുടക്കത്തിൽ പോളിസിഹോൾഡർ മരിക്കുകയാണെങ്കിൽ, താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്ന അനുമാനിത നിക്ഷേപ ആദായം അനുസരിച്ചുള്ള ഡെത്ത് ബെനിഫിറ്റ് നൽകുന്നതാണ്:

| | | |
|---|---|---|
| 18-ാം വർഷത്തിന്റെ അവസാനത്തിലെ ഡെത്ത് ബെനിഫിറ്റ് | @4% ₹ 25,71,600 | @8% ₹ 37,72,227 |

^ഫണ്ട് വാല്യു സംഖ്യകൾ വിശദീകരണ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതും ആരോഗ്യമുള്ള ഒരു വ്യക്തിക്കുള്ളതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന അനുമാനിത ആദായ നിരക്കുകളായ @4%, @8% പ്ര.വ. ബാധകമായ എല്ലാ ചാർജ്ജുകളും പരിഗണിച്ചതിനു ശേഷമുള്ള വിശദീകരണ സാഹചര്യങ്ങൾ മാത്രമാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക. അവ ഉറപ്പു നൽകപ്പെട്ടിട്ടുള്ളതല്ലെന്നു മാത്രമല്ല അവ ആദായത്തിന്റെ ഉയർന്നതോ താഴ്ന്നതോ ആയ പരിധികളുമല്ല. യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് പ്രൊഡക്ടുകൾ മാർക്കറ്റ് റിസ്ക്കിനു വിധേയമാണ്. ഈ കോൺട്രാക്റ്റിനു കീഴിൽ ഓഫർ ചെയ്യപ്പെടുന്ന വിവിധ ഫണ്ടുകൾ ആ ഫണ്ടുകളുടെ പേരുകൾ മാത്രമാണ്. അവ യാതൊരു വിധത്തിലും ഈ പ്ലാനുകളുടെ ഗുണമേന്മയെയോ ഭാവി സാധ്യതകളെയോ ആദായത്തെയോ സൂചിപ്പിക്കുന്നില്ല. കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ പോളിസിക്കു വേണ്ടിയുള്ള പ്രത്യേക ആനുകൂല്യ വിശദീകരണം അഭ്യർത്ഥിക്കുക.

## പ്ലാനിന്റെ വിവരങ്ങൾ

| | | |
|---|---|---|
| **തുടക്കത്തിലെ പ്രായം$** | **കുറഞ്ഞത്:** 0 വയസ്സ് (30 ദിവസം) | **പരമാവധി:** 55 വയസ്സ് |
| **മച്യൂരിറ്റിയിലെ പ്രായം$** | **കുറഞ്ഞത്:** 18 വയസ്സ് | **പരമാവധി:** 65 വയസ്സ് |
| **പ്ലാൻ ഇനം** | റെഗുലർ പ്രീമിയം പ്രൊഡക്ട് | |
| **പോളിസി കാലാവധി^** | 10, 15, 20, 25 വർഷം | |
| **പ്രീമിയം ഫ്രീക്വൻസി** | പ്രതിമാസം | |
| **പ്രീമിയം അടയ്ക്കൽ കാലാവധി (പിപിടി)** | പോളിസി കാലാവധിക്കു തുല്യം | |
| **പ്രീമിയം തുക (₹100ന്റെ ഗുണിതങ്ങളിൽ)** | **കുറഞ്ഞത്:** ₹8,000 പ്രതി മാസം | **പരമാവധി:** പരിധിയില്ല, ബോർഡ് അംഗീകരിച്ച അണ്ടർറൈറ്റിംഗ് പോളിസിക്കു വിധേയം |
| **ബേസിക് സം ഇൻഷുറൻസ് തുക** | 10 x വാർഷികൃത പ്രീമിയം+<br>പരമാവധി ബേസിക് സം അഷ്വേർഡ് ബോർഡ് അംഗീകരിച്ച അണ്ടർറൈറ്റിംഗ് നയത്തിന് വിധേയമായിരിക്കും | |

$എല്ലാ പ്രായം നിർണ്ണയിക്കലും കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

+വാർഷിക പ്രീമിയം എന്നാൽ ഒരു വർഷത്തിൽ അടയ്ക്കേണ്ടതായ പ്രീമിയം തുകയാണ്, ബാധകമായ നികുതികൾ കൂടാതെ.

^ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മൈനറാണെങ്കിൽ പോളിസിയുടെ മെച്യൂരിറ്റി സമയത്ത് ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മേജർ ആകുന്ന തരത്തിലുള്ള പോളിസി കാലാവധി തിരഞ്ഞെടുക്കേണ്ടതാണ്. പ്രവേശന സമയത്ത് 8 വയസ്സിൽ താഴെ പ്രായമുള്ള മൈനർ ജീവിതങ്ങളുടെ കാര്യത്തിൽ പരിരക്ഷ ആരംഭിക്കുന്നത് പോളിസി തുടങ്ങിയ തീയതി മുതൽ 1 പോളിസി വർഷവും 11 മാസവും പൂർത്തിയാകുമ്പോഴായിരിക്കും. 8 വയസ്സും അതിനു മുകളിലും പ്രായമുള്ള ജീവിതങ്ങൾക്ക് പരിരക്ഷ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ആദ്യത്തെ 5 പോളിസി വർഷങ്ങളിൽ സറണ്ടർ അഭ്യർത്ഥന നടത്തുന്നുവെങ്കിൽ, 6ാമത്തെ പോളിസി വർഷത്തിന്റെ 1ാമത്തെ പ്രവൃത്തി ദിവസമാണ് ഫണ്ട് മൂല്യം നൽകപ്പെടുക. 5 പോളിസി വർഷങ്ങൾക്ക് ശേഷം സറണ്ടർ അഭ്യർത്ഥന നടത്തുന്നുവെങ്കിൽ, ഫണ്ട് മൂല്യം ഉടനെത്തന്നെ നൽകപ്പെടും.

വിവിധ ചാർജ്ജുകളായ 'പ്രീമിയം അലോക്കേഷൻ ചാർജ്ജ്', 'ഫണ്ട് മാനേജ്മെന്റ് ചാർജ്ജ്', മുതലായവ കിഴിക്കുന്നതാണ്. ചാർജ്ജുകളുടെ പൂർണ്ണമായ പട്ടികയ്ക്കും അവയുടെ പ്രവർത്തന രീതിക്കും ദയവായി സെയിൽസ് ബ്രോഷർ കാണുക. യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് ഉല്പന്നങ്ങൾ പരമ്പരാഗത ഉല്പന്നങ്ങളിൽനിന്ന് വ്യത്യസ്തമാണ്, അവ വിപണിയിലെ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്.

## റിബേറ്റ് നിരോധനം

**ഇൻഷുറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

a) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷുറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷുററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.

b) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാദ്ധ്യസ്ഥനാകും.

**Toll-free No.:** 1800 267 9090 | SMS '**LIBERATE**' to 56161 |**Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)

എസ്ബിഐ ലൈഫ് - സരൾ ഇൻഷ്വർവെൽത്ത് പ്ലസ് ഒരു ഇൻഡിവിഡ്വൽ, യൂണിറ്റ് ലിങ്ക്ഡ്, നോൺ പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ് പ്രൊഡക്ട് ആണ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് ഉല്പന്നങ്ങൾ പരമ്പരാഗത ഇൻഷുറൻസ് ഉല്പന്നങ്ങളിൽനിന്ന് വ്യത്യസ്തമാണ്, അവ വിപണിയിലെ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. യൂണിറ്റ് ലിങ്ക്ഡ് പോളിസിയിൽ അടയ്ക്കുന്ന പ്രീമിയം മൂലധന വിപണികളുമായി ബന്ധപ്പെട്ട നിക്ഷേപ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. ഫണ്ടിന്റെ പ്രവർത്തനത്തിന്റെയും മൂലധന വിപണിയെ ബാധിക്കുന്ന ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ യൂണിറ്റുകളുടെ അറ്റ ആസ്തി മൂല്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാവുന്നതും ഇൻഷുറൻസ് എടുക്കുന്ന ആൾ അദ്ദേഹത്തിന്റെ/അവരുടെ തീരുമാനങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കുന്നതും ആണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി. എന്നത് ഇൻഷുറൻസ് കമ്പനിയുടെ പേരും-എസ്ബിഐ ലൈഫ് - സരൾ ഇൻഷ്വർവെൽത്ത് പ്ലസ് എന്നത് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് ഉടമ്പടിയുടെ പേരും മാത്രമാണ്. അത് യാതൊരു രീതിയിലും ഉടമ്പടിയുടെ ഗുണമേന്മയേയോ അതിന്റെ ഭാവിയിലെ ലാഭസാധ്യതകളേയോ വരുമാനങ്ങളേയോ സൂചിപ്പിക്കുന്നില്ല. ബന്ധപ്പെട്ട നഷ്ടസാദ്ധ്യതകളെയും ബാധകമായ ചാർജ്ജുകളെയും സംബന്ധിച്ച് നിങ്ങളുടെ ഇൻഷുറൻസ് ഏജൻറിൽനിന്നോ ഇടനിലക്കാരിൽനിന്നോ ഇൻഷുറൻസ് സ്ഥാപനത്തിന്റെ പോളിസി ഡോക്യുമെന്റിൽനിന്നോ ദയവായി മനസ്സിലാക്കുക. ഈ ഉടമ്പടി പ്രകാരം നൽകുന്ന വിവിധ ഫണ്ടുകൾ ഫണ്ടിന്റെ പേരുകൾ മാത്രമാണ്, അവ ഈ പ്ലാനുകളുടെ ഗുണമേന്മയോ ഭാവിയിലെ ലാഭസാധ്യതകളേയോ വരുമാനങ്ങളേയോ ഒരു വിധത്തിലും സൂചിപ്പിക്കുന്നില്ല. ഫണ്ട് ഓപ്ഷനുകളുടെ കഴിഞ്ഞകാല പെർഫോമൻസ് ഭാവി പെർഫോമൻസിന്റെ സൂചികയല്ല. ഈ പോളിസിക്കു കീഴിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നികുതി നിയമങ്ങൾക്കും സമയാ സമയങ്ങളിൽ നിലവിലുള്ള ഫിസ്ക്കൽ നിയമങ്ങൾക്കും വിധേയമാണ്. വിശദ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ ടാക്സ് അഡ്വൈസറുമായി ബന്ധപ്പെടുക. നഷ്ടസാദ്ധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു വിൽപന നിശ്ചയിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN : L99999MH2000PLC129113.
NW/2H/ver1/01/22/SP/MAL